## പതിമൂന്നാം കേരള നിയമസഭ

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3317** | **18/02/2013 - ൽ മറുപടിക്ക്**

**' അക്രഡിറ്റേഷൻ കാർഡുള്ള പത്ര പ്രവർത്തകരുടെ എണ്ണം '**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ.എ.നെല്ലിക്കുന്ന് | ശ്രീ. കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും<br>സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| *(എ) സംസ്ഥാനത്ത് അക്രഡിറ്റേഷൻ കാർഡുള്ള പത്ര പ്രവർത്തകരുടെ എണ്ണം എത്രയാണ്;* | *(എ). 784 പേർക്ക് അക്രഡിറ്റേഷൻ കാർഡ് നല്കിയിട്ടുണ്ട്.* |
| *(ബി) അക്രഡിറ്റേഷൻ കാർഡ് നൽകുന്നതിനുള്ള മാനദ്ണ്ഡങ്ങൾ എന്തെല്ലാമാണ്;* | *(ബി) അക്രഡിറ്റേഷൻ കാർഡ് നൽകുന്നതിനുള്ള മാനദ്ണ്ഡങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് G.O.(P).9/2000/PR dated 8.12.2000 ആയി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് വകുപ്പിന്റെ വെബ് സൈറ്റിൽ ലഭ്യമാണ് prd.kerala.gov.in.* |
| *(സി) അക്രഡിറ്റേഷൻ കാർഡിനു പുതുതായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; എത്രമാസം മുമ്പുവരെ ലഭിച്ച അപേക്ഷകൾ ഇതിൽ ഉൾപ്പെട്ടിട്ടുണ്ട് എന്നറിയിക്കാമോ; ഈ അപേക്ഷകളിന്മേൽ എപ്പോൾ തീരുമാനമുണ്ടാകും എന്ന് വ്യക്തമാക്കാമോ;* | *(സി) അക്രഡിറ്റേഷൻ കാർഡിന് പുതുതായി 64 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 2012 സെപ്റ്റംബർ മുതലുള്ള അപേക്ഷകൾ ഉൾപ്പെട്ടിട്ടുണ്ട്. അക്രഡിറ്റേഷൻ കമ്മിറ്റി കൂടുന്നതനുസരിച്ചാണ് ഈ അപേക്ഷകളിൻമേൽ തീരുമാനമുണ്ടാകുന്നത്. അടുത്ത കമ്മിറ്റി 2013 ഫെബ്രുവരി 19 ന് ആണ്.* |
| *(ഡി) കാസർകോഡ് ജില്ലയിൽ നിന്നുള്ള ശ്രീ.ടി.എ.ഷാഫി എന്ന പത്ര പ്രവർത്തകൻ അക്രഡിറ്റേഷൻ കാർഡിനു അപേക്ഷിച്ചിട്ടുണ്ടോ; ഈ അപേക്ഷകനു കാർഡ് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ?* | *(ഡി)* കാസർകോഡ് ജില്ലയിൽ ഉത്തരദേശം പത്രത്തിലെ റിപ്പോർട്ടറായി ജോലി ചെയ്യുന്ന ശ്രീ.ടി.എം.ഷാഫി എന്ന പത്ര പ്രവർത്തകൻ അക്രഡിറ്റേഷൻ കാർഡിന് അപേക്ഷിച്ചിട്ടുണ്ട്. ശ്രീ.ടി.എം. ഷാഫിയുടെ അപേക്ഷ 25.10.12 -ന് ലഭിച്ചിട്ടുണ്ട്. ടി അപേക്ഷ അടുത്ത അക്രഡിറ്റേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതാണ്. |

RJayasri

*സെക്ഷൻ ഓഫീസർ*